## പതിമൂന്നാം കേരളനിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 2117** | **08.12.2014 -ലെ മറുപടിക്ക്**

### റാണിപോളിന്റെ ദുരൂഹ മരണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ബി.ഡി. ദേവസ്സി** | **ശ്രീ. രമേശ് ചെന്നിത്തല**<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കൊരട്ടി ഗ്രാമപഞ്ചായത്തിൽ കഴിഞ്ഞ 14 വർഷക്കാലമായി പഞ്ചായത്ത് മെമ്പറും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പെഴ്സണുമായിരുന്ന റാണി പോളിന്റെ ദുരൂഹ മരണം അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് വിവിധ സംഘടനകൾ നടത്തിയ പ്രക്ഷോഭങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) റാണി പോളിന്റെ ദുരൂഹമരണം അന്വേഷിക്കുന്നതിനും മരണത്തിനുത്തരവാദികളായവരെ കണ്ടെത്തുന്നതിനും, ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | (ബി) മരണപ്പെട്ട റാണി പോളിന്റെ സഹോദരൻ 27.08.2014-ാം തീയതി രാവിലെ 7.15 മണിക്ക് കൊരട്ടി പോലീസ് സ്റ്റേഷനിൽ ഹാജരായി ടി റാണി പോൾ താമസിച്ചു വന്നിരുന്ന വീട്ടിലെ നടുമുറിയിൽ ഒരു സാരിയിൽ കെട്ടിത്തൂങ്ങി മരണപ്പെട്ടതായി പറഞ്ഞ മൊഴിയുടെ അടിസ്ഥാനത്തിൽ ക്രൈം നമ്പർ 1500/2014 പ്രകാരം അസ്വാഭാവിക മരണത്തിന് ക്രൈം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതും അന്വേഷണത്തിൽ മരണപ്പെട്ട റാണി പോൾ ഭർത്താവ് പോളുമായി 26.08.2014 തീയതി 21 മണിക്ക് ഉണ്ടായ കുടുംബവഴക്കിനെ തുടർന്നുള്ള മാനസിക വിഷമത്താൽ ആത്മഹത്യ ചെയ്തതായി വെളിവായതിനാൽ 30.10.2014-ാം തീയതി ടി കേസ് FR as Death due to Hanging ആയി തീർച്ചപ്പെടുത്തി ബഹു: കോടതിയിൽ റിപ്പോർട്ട് നൽകിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ